ഉത്തരം

(എ&സി) ചെലവുകുറഞ്ഞ പാർപ്പിട നിർമ്മാണത്തിനും ഗവേഷണത്തിനുമുള്ള ഏജൻസിയായാണ് നിർമ്മിതികേന്ദ്രം പ്രവർത്തിച്ചുവരുന്നത്. കേരള സംസ്ഥാന നിർമ്മിതികേന്ദ്രത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ പല പദ്ധതികളും ആവിഷ്കരിച്ചു നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

46 (1640) കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിന്റെ പ്രവർത്തനങ്ങൾ

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സ്ഥാപനം ഇപ്പോൾ ഏറ്റെടുത്തു നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാന ബഡ്ജറ്റിൽ വകകൊള്ളിച്ച് ഗവൺമെൻറ് അംഗീകാരം നൽകിയ പദ്ധതികൾ ഈ സ്ഥാപനത്തിന് ഏറ്റെടുത്ത് നടത്താൻ കഴിയാത്ത സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) റിമോട്ട് സെൻസിംഗ് എന്ന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഭൂവിനിയോഗം, ഭൂവിഭവങ്ങൾ, പരിസ്ഥിതിപ്രശ്നങ്ങൾ എന്നിവയെക്കുറിച്ചുള്ള പഠനങ്ങൾ ഏറ്റെടുത്തു നടത്തുകയാണ് ഈ സെന്ററിന്റെ പ്രധാന പ്രവർത്തനങ്ങൾ.

(ബി) ജില്ലാതലത്തിൽ തരിശുഭൂമിയുടെ വിസ്തീർണ്ണം തിട്ടപ്പെടുത്തൽ, ഭൂവിഭവങ്ങളുടെ സുസ്ഥിരമായ ഉപയോഗം, വികസനം, പരിപാലനം എന്നിവയ്ക്ക് ഊന്നൽ നൽകുന്ന പഠനങ്ങൾ, തെരഞ്ഞെടുത്ത ജില്ലകളിലെ വരൾച്ചബാധിത പ്രദേശങ്ങൾ കണ്ടെത്തി അവിടെയുള്ള ഭൂഗർഭ ജലസ്രോതസ്സുകളെക്കുറിച്ചുള്ള പഠനം, സംസ്ഥാനത്തെ ചില പഞ്ചായത്തുകളുടെ വിഭവഭൂപട നിർമ്മാണം, ഭൂവിഭവ ശോഷണവുമായി ബന്ധപ്പെട്ട പഠനം തുടങ്ങിയവയാണ് ഇപ്പോൾ ഏറ്റെടുത്തിരിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

47 (1641) ലോക് സഭാ തെരഞ്ഞെടുപ്പിൽ തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തികളിലെ വോട്ടിംഗ് നിലവാരം

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly